വിൽപ്പന നികുതിയുടെ 50% ഈ പദ്ധതികളുടെ നടത്തിപ്പിനായി അനുവദിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യപാദത്തിലുള്ള അധിക വിൽപ്പന നികുതി വിഹിതമായ 50 കോടി രൂപ പദ്ധതിയുടെ ധനസമാഹരണ ചുമതലയുള്ള കേരള റോഡ് ഫണ്ട് ബോർഡിന് അനുവദിക്കണമെന്ന ശിപാർശ പരിഗണിച്ചു വരികയാണ്.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത്. 15 പദ്ധതികളുടെ റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. റിപ്പോർട്ട് തയ്യാറാക്കിയ ഏജൻസികളുടെ പേരും ഓരോ പദ്ധതിക്കും കണക്കാക്കപ്പെട്ടിട്ടുള്ള അടങ്കൽ ചെലവും അനുബന്ധമായി ചേർക്കുന്നു. * മറ്റ് പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

പഞ്ചിംഗ് സംവിധാനം

43 (13) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരാഫീസുകളിൽ പഞ്ചിംഗ് സംവിധാനം (Computerised Attendance Management System) നടപ്പിലാക്കുവാൻ ഉത്തരവ് ഇറക്കിയതെന്നാണെന്ന് വെളിപ്പെടുത്താമോ;

(ബി) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ ഓഫീസുകളിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയെന്ന് വ്യക്തമാക്കാമോ;

(സി) ഇനി എത്ര ഓഫീസുകളിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കാനുണ്ടെന്നും, സമയബന്ധിതമായി അവ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ ഓഫസുകളിൽ പഞ്ചിംഗ് സംവിധാനവുമായി ബന്ധപ്പെടുത്തി ശമ്പള ബിൽ തയ്യാറാക്കാൻ (spark) നടപടി സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ, അത്തരം സംവിധാനം നടപ്പിലാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) സംസ്ഥാനത്തെ എല്ലാ ഡയറക്ടറേറ്റുകളിലും ബയോമെട്രിക് ഫിംഗർ പ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം (പഞ്ചിംഗ് സിസ്റ്റം) നടപ്പാക്കുന്നതിന് നിർദ്ദേശിച്ച് 13-9-2010-ൽ സ.ഉ.(എം.എസ്.) നമ്പർ 315/10/പൊഭവ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സെക്രട്ടേറിയറ്റ് ഒഴികെയുള്ള എല്ലാ സർക്കാർ ഓഫീസുകളിലും പഞ്ചിംഗ് സംവിധാനം നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

സംസ്ഥാനത്ത് പഞ്ചിംഗ് സമ്പ്രദായം നിലവിലുള്ള സർക്കാർ ഓഫീസുകളെ സംബന്ധിച്ച് 9-7-2013 വരെ സമാഹരിച്ചിട്ടുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

വകുപ്പ് തലവന്മാർ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി യുക്തമായ തീരുമാനമെടുക്കാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് അനുബന്ധമായി ചേർത്തിട്ടുള്ള ഓഫീസുകളിൽ പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളത്. പഞ്ചിംഗ് സിസ്റ്റം ഇനിയും നടപ്പാക്കാത്ത ഓഫീസുകളിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് വകുപ്പ് തലവൻമാർക്കുതന്നെ തീരുമാനമെടുക്കാവുന്നതാണ്.

(ഡി) നിലവിൽ ഇത്തരത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. പഞ്ചിംഗ് സംവിധാനവുമായി ബന്ധപ്പെടുത്തി ശമ്പള ബിൽ തയ്യാറാക്കണമെന്ന നിർദ്ദേശം പരിശോധിച്ചുവരുന്നു.

മലപ്പുറം ക്യാൻസർ ആശുപത്രി

44(14) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ച മലപ്പുറത്ത് ക്യാൻസർ ആശുപത്രിയെന്ന പദ്ധതിയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ജില്ലയിൽ എവിടെയാണ് ആരംഭിക്കുന്നതെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.